**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3904 — 11.11.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആരോഗ്യവകുപ്പിലെ ദിവസവേതന ജീവനക്കാർ

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിന് കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലി സമയം എത്ര മണിക്കൂറാണ്; | (എ) & (ഇ) | മറ്റ് ജീവനക്കാർക്ക് ബാധകമായ രീതിയിലുള്ള ഡ്യൂട്ടിയെടുക്കേണ്ടതാണ്. ഷിഫ്റ്റ് ഡ്യൂട്ടിയുള്ള സ്ഥാപനങ്ങളിൽ അപ്രകാരം ജോലിനോക്കേണ്ടതാണ്. |
| (ഇ) | ഇവരുടെ ഡ്യൂട്ടി സമയം എത്ര മണി മുതൽ എത്ര മണി വരെയാണ് എന്നറിയിക്കാമോ; | | |
| (ബി) | ദിവസ വേതന ജീവനക്കാർക്ക് വീക്കിലി ഓഫിന് അർഹതയുണ്ടോ; എങ്കിൽ ഒരു മാസം എത്ര അവധിക്കാണ് അർഹതയുള്ളത്; | (ബി) | സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടിയാണ് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. ഇപ്രകാരം ജോലി നോക്കുന്നവർക്ക് ജോലി ചെയ്യുന്ന ദിവസത്തെ ശമ്പളത്തിന് മാത്രമേ അർഹതയുള്ളൂ.മറ്റ് ഒരു ആനുകൂല്യത്തിനും അർഹതയില്ല. |
| (സി) | സംസ്ഥാനത്തെ പ്ലാൻ പ്രോജക്ടുകളിൽ ദിവസവേതന വ്യവസ്ഥയിൽ ഒരു വർഷത്തെ കരാറിൽ നിയമിതരായ അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്ക് മറ്റ് ദിവസവേതന ജീവനക്കാർക്കുള്ള അതേ വ്യവസ്ഥകൾ പ്രകാരമാണോ അവധികൾ അനുവദിക്കുന്നത്; വ്യക്തമാക്കാമോ; | (സി), (ഡി) & (എഫ്) | കരാറിലെ വ്യവസ്ഥകളനുസരിച്ചുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും |
| (ഡി) | ഇപ്രകാരം നിയമിതരാകുന്ന മെഡിക്കൽ ഓഫീസർമാർക്ക് അനുവദനീയമായ അവധികൾ | | |

| | | | |
|---|---|---|---|
| | ഏതെല്ലാം, വിശദമാക്കാമോ, | | |
| (എഫ്) | ഇവർക്ക് വീക്കിലി ഓഫിന് അർഹതയുണ്ടോ, എങ്കിൽ ശമ്പളത്തോട്ടു കൂടിയാണോ ശമ്പളമില്ലാതെയാണോ വീക്കിലി ഓഫ് അനുവദിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ